# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
### ഈസ്റ്റർ പരീക്ഷ 2016

| | | | |
|---|---|---|---|
| ക്ലാസ്സ് : | V | സമയം : | 2 മണിക്കൂർ |
| തീയതി : | 08-04-2016 | മാർക്ക് : | 70 |

**ശരിയായ ഉത്തരം എടുത്തെഴുതുക** 5

| | | |
|---|---|---|
| സഭ | ബലി | കടന്നുപോകൽ |
| വിഗ്രഹാരാധന | സ്വർഗ്ഗം | |

1. എല്ലാം സൃഷ്ടിച്ച ദൈവത്തിന് മനുഷ്യൻ അർപ്പിക്കുന്ന ആരാധന.
2. 'പെസഹ' എന്ന വാക്കിന്റെ അർത്ഥം.
3. എല്ലാ മനുഷ്യരുടെയും ജീവിത ലക്ഷ്യം.
4. ഇസ്രായേൽക്കാർ ചെയ്ത ഏറ്റവും വലിയ പാപം.
5. പുതിയ ഇസ്രായേൽ.

**പേരെഴുതുക (ജനറൽ)** 5

6. ബൈബിളിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങളുടെ പൊതുവായ പേര്?
7. ഞാൻ ജപമാല രാജ്ഞിയാകുന്നു എന്ന് മാതാവ് വെളിപ്പെടുത്തിയത് എവിടെവച്ച്?
8. പുഞ്ചിരിക്കുന്ന പാപ്പയെന്ന് അറിയപ്പെടുന്നത് ആര്?
9. 'ലോകമേ യാത്ര' എന്ന കൃതിയുടെ മലയാളസാഹിത്യരംഗത്ത് ചിരപ്രതിഷ്ഠ നേടിയ ക്രൈസ്തവ സന്യാസിനി?
10. തലശ്ശേരി അതിരൂപതയിൽ എത്ര ഇടവകകൾ ഉണ്ട്?

**ചേരുംപടി ചേർക്കുക** 5

11. ദാവീദ് - ഡീസ്റ്റ്
12. സോളമൻ - ഹോറബ്
13. മോശ - ജ്ഞാനിയായ രാജാവ്
14. വി. ഡോൺ ബോസ്കോ - ശക്തനായ രാജാവ്
15. വി. ജോൺ ബർക്കുമൻസ് - ബെക്കി

**ശരിയോ, തെറ്റോ എന്നെഴുതുക** 5

16. പ്രവാചകൻ എന്ന വാക്കിന്റെ അർത്ഥം ദൈവത്തിനുവേണ്ടി സംസാരിക്കുന്നവൻ എന്നാണ്.
17. 'സിനഗോഗ്' എന്ന പേരുണ്ടായത് 'സുനാഗോ' എന്ന ഹീബ്രു പദത്തിൽനിന്നാണ്.
18. സ്വർഗ്ഗാരോഹണത്തിനുശേഷം അമ്പതാം ദിവസം പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെമേൽ എഴുന്നള്ളി വന്നു.
19. ഏഴ് സാബത്തു വർഷങ്ങൾ കഴിഞ്ഞു വരുന്ന വർഷമാണ് ജൂബിലിവർഷം.
20. മിശിഹാ നല്ല ഇടയനാണെന്ന് എസെക്കിയേൽ പ്രവാചകൻ വിവരിക്കുന്നു.

**സംഭവങ്ങൾ ക്രമത്തിലെഴുതുക** 5

21. എ) ഒരുനാൾ ആടുകളെ മേച്ചുകൊണ്ടിരുന്ന അവരുടെ പക്കലേയ്ക്ക് ജോസഫ് ചെന്നു.
    ബി) കൈനീളമുള്ള കുപ്പായം ഊരിയെടുത്തശേഷം ജോസഫിനെ അവർ ഒരു പൊട്ടക്കിണറ്റിൽ തള്ളിയിട്ടു.
    സി) അവർ അവനെ കൊല്ലാൻ ആലോചിച്ചു.
    ഡി) ആ സമയത്ത് ഈജിപ്തിലേയ്ക്ക് പോകുന്ന ഒരു കച്ചവടസംഘം അതിലേ വന്നു. ജോസഫിനെ അവർക്ക് വിറ്റു.
    ഇ) എന്നാൽ മൂത്ത സഹോദരനായ റൂബൻ അത് വിലക്കി.

**ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക** 5

22. തിന്മയെ വെറുക്കുവിൻ ................. നീതി സ്ഥാപിക്കുവിൻ.
23. ഞാൻ നിങ്ങളെ ................. ദൈവമായിരിക്കുകയും ചെയ്യും.

**ഉത്തരം എഴുതുക**

24. ഇസ്രായേലിലെ രാജക്കന്മാർ നിയോഗിക്കപ്പെട്ടത് എന്തിന്? 2

25. പുതിയ പെസഹായിൽ എന്തിന്റെ ഓർമ്മയാണ് നാം കൊണ്ടാടുന്നത്? 2

26. വി. ജോൺ ബർക്കുമെൻസിന്റെ സന്ദേശം എഴുതുക? 3

27. സീനായ് ഉടമ്പടിയിലൂടെ ദൈവം ഇസ്രായേൽ ജനത്തോട് അരുളി ചെയ്തത് എന്ത്? 3

28. ഞായറാഴ്ച ദിവസം വിശുദ്ധമായി ആചരിക്കേണ്ടതെങ്ങനെ?3

29. അസ്സീസ്സിയിലെ വിശുദ്ധ ക്ലാരയുടെ ജീവിതത്തിൽ നിങ്ങളെ ആകർഷിച്ച സുവിശേഷ മൂല്യങ്ങൾ എന്തെല്ലാം? 4

30. അബ്രാഹത്തിന്റെ ജീവിതസന്ദേശം നമുക്കെങ്ങനെ പ്രാവർത്തികമാക്കാം? 4

31. ബൈബിളിന് ലഭിച്ചിട്ടുള്ള ബഹുമതികൾ എന്തെല്ലാം? 4

32. അനുരഞ്ജന കൂദാശയ്ക്ക് ഒരുക്കമായുള്ള ജപം എഴുതുക. 5

33. ഇസ്രായേലിന്റെയും തിരുസ്സഭയുടെയും പ്രധാന തിരുനാളുകൾ ഏതെല്ലാം? 5

34. മോശയുടെ ചരിത്രം നമുക്ക് നൽകുന്ന സന്ദേശമെന്ത്? 5